TUESDAY 16/12/2025 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** SINDHU. KS **Editor:** Dr. G.Pramodkumar

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/12/2025

1. നാളികേര വികസന ബോർഡിന്റെ ഫാമിൽ ഉല്പാദിപ്പിച്ച നല്ലയിനം നാടൻ വെസ്റ്റ് കോസ്റ്റ് നെടിയ ഇനം – WCT തെങ്ങിൻ തൈകൾ 100 രൂപ നിരക്കിൽ നാളികേര വികസന ബോർഡിന്റെ കൊച്ചി ആസ്ഥാനത്ത് ഈ മാസം 19 ന് (19.12.2025) നടക്കുന്ന മാസചന്തയിൽ വില്പന നടത്തുന്നു. തൈകൾ മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംഗിനും മറ്റ് വിവരങ്ങൾക്കുമായി വിളിക്കേണ്ട നമ്പർ 0485 2554240. വിൽപന 19.12.2025 ന് മാത്രമായിരിക്കും. ഫാമിലെ മറ്റ് കാർഷിക ഉത്പ്പന്നങ്ങളുടെ വിൽപനയും ഉണ്ടായിരിക്കുന്നതാണ്.

2. കേന്ദ്ര സർക്കാരിന്റെ 2017 ലേയും 2018 ലേയും വിജ്ഞാപനങ്ങൾ പ്രകാരം ഡോഗ് ബ്രീഡിംഗ്, മാർക്കറ്റിംഗ്, പെറ്റ് ഷോപ്പുകൾ എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും സംസ്ഥാനത്തെ മൃഗക്ഷേമ ബോർഡിൽ രജിസ്റ്റർ ചെയ്യേണ്ടത് നിർബന്ധമാക്കിയിരിക്കുന്നു. സംസ്ഥാന മൃഗക്ഷേമ ബോർഡിൽ രെജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും മാത്രമേ ഇനി

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ലഭ്യമാകുകയുള്ളു. മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ആണ് നിലവിൽ ബോർഡിന്റെ മെമ്പർ സെക്രട്ടറി. പുതിയ പെറ്റ്ഷോപ്പ് തുടങ്ങുന്നതിനും , ഡോഗ് ബ്രീഡർ ആയി രെജിസ്റ്റർ ചെയ്യുന്നതിനും വില്പന നടത്തുന്നതിനും ഉള്ള രെജിസ്ട്രേഷൻ ഫോമുകൾ www.ahd.kerala.gov.in എന്ന മൃഗസംരക്ഷണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വെബ്സൈറ്റിൽ നിന്നും ഫോമുകൾ ഡൗൺലോഡ് ചെയ്തു പൂരിപ്പിച്ച അപേക്ഷകൾ ആവശ്യമായ രേഖകളും, രെജിസ്ട്രേഷൻ ഫീസായി മെമ്പർ സെക്രട്ടറി /കൺവീനർ, മൃഗക്ഷേമ ബോർഡ്, കേരളത്തിന്റെ പേരിൽ തിരുവനന്തപുരത്തു മാറാവുന്ന 5000 രൂപയുടെ ചെക്ക്/ ഡി ഡി/ ഓൺലൈൻ പേയ്മെന്റ് (അക്കൗണ്ട് നമ്പർ : 40341111002087 IFSCode: KLGB0040341) സഹിതം ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്, വികാസ് ഭവൻ പി ഓ തിരുവനന്തപുരം-33 എന്ന വിലാസത്തിലേക്ക് അയച്ചുതരേണ്ടതാണ്. കൂടാതെ പൂരിപ്പിച്ച അപേക്ഷാ ഫോറങ്ങൾ സ്കാൻ ചെയ്തു sawbkerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിലേക്കും അയച്ചു തരേണ്ടതാണ്.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

3. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"സമ്പന്ന മാലിന്യം"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് **2025 ഡിസംബർ 26** ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. ജനുവരി 4 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ : 0487-2438567, 8547837256.

4. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ "തീറ്റപ്പുൽ കൃഷി " എന്ന വിഷയത്തിൽ 18/12/2025 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ സൗജന്യ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491-2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ വിളിച്ച്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് പരിശീലനത്തിനെത്തുമ്പോൾ കൊണ്ടുവരേണ്ടതുമാണ്.

5. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വെച്ച് '**മുട്ടക്കോഴി വളർത്തൽ'** എന്ന വിഷയത്തിൽ സൗജന്യ ദ്വിദിന പരിശീലനം സംഘടിപ്പിക്കുന്നു. ഡിസംബർ 16, 17 ന് രാവിലെ 10 മണി മുതലാണ് പരിശീലനം. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ **0494-2962296** എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. മണ്ണുത്തിയിലെ ഗോട്ട് & ഷീപ്പ് ഫാമിൽ വെച്ച് **ആടുവളർത്തൽ** ശാസ്ത്രീയമായും നൂതനസാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെയും എങ്ങനെ ലാഭകരമായി ചെയ്യാം എന്ന വിഷയത്തിൽ ഏകദിന പരിശീലനം ഡിസംബർ 20 ന് സംഘടിപ്പിച്ചിരിക്കുന്നു. രജിസ്റ്റർ ചെയ്യുന്നതിനായി 9447796219, 0487 2961100 എന്നീ ഫോൺ നമ്പറുകളിൽ വിളിക്കേണ്ടതാണ്.

7. 2025 വർഷത്തിൽ റബ്ബർമരങ്ങളിൽ റെയിൻഗാർഡു ചെയ്യുതിനും ആവർത്തനക്കൃഷിയോ പുതുക്കൃഷിയോ നടത്തിയതിനും റബ്ബർബോർഡിൽ നിന്നുള്ള ധനസഹായത്തിന് ഓൺലൈൻ ആയി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 2025 നവംബർ 17 വരെയായിരുന്നു. ഈ കാലയളവിൽ അപേക്ഷ സമർപ്പിക്കാൻ കഴിയാതിരുന്നവർക്ക് 2025 ഡിസംബർ 15 മുതൽ 19 വരെയുള്ള തീയതികളിൽ സർവീസ് പ്ലസ് പോർട്ടൽ വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കാൻ കഴിയുന്നതാണ്. കർഷകരും റബ്ബറുത്പാദകസംഘങ്ങളും ഈ അവസരം പരമാവധി പ്രയോജനപ്പെടുത്താൻ താൽപര്യപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡ് റീജിയണൽ ഓഫീസുകളോ ഫീൽഡ് സ്റ്റേഷനുകളോ ആയി ബന്ധപ്പെടുകയോ റബ്ബർബോർഡ് വെബ് സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കുകയോ ചെയ്യുക.

**8. കാർഷിക നിർദേശം**

വെണ്ടയിൽ പച്ചത്തുള്ളന്റെ ആക്രമണം കാണാൻ സാധ്യതയുണ്ട്. അവയെ നിയന്ത്രിക്കാൻ തയോമെത്തോക്സാം 2 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ എന്ന കണക്കിൽ കലക്കി തളിക്കാവുന്നതാണ്.